# NATIONAL BULLETIN

**DATE: 10.06.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. തുടർച്ചയായി ദീർഘകാലം പ്രധാനമന്ത്രിയായ നരേന്ദ്രമോദിയെ അഭിനന്ദിച്ച് രാഷ്ട്രപതിയും കേന്ദ്ര മന്ത്രിസഭയും.

   **President and Union Cabinet congratulate Narendra Modi on becoming the longest-serving Prime Minister.**

2. പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ നിതി ആയോഗിൻറെ പതിനൊന്നാമത് ഭരണ സമിതിയോഗം നാളെ ന്യൂഡൽഹിയിൽ ചേരും.

   **Niti Aayog's eleventh governing council meeting takes place in New Delhi tomorrow; Prime Minister chairs the session.**

3. രാജ്യത്തെ കാർഷിക കയറ്റുമതി 52.55 ബില്യൺ ഡോളറിലെത്തി; കഴിഞ്ഞ 12 വർഷത്തിനിടെ വൻ മുന്നേറ്റമെന്ന് കേന്ദ്ര സർക്കാർ.

   **Agricultural exports hit 52.55 billion dollars; the Central Government reports massive growth in the last 12 years.**

4. ഇന്ത്യൻ നാവികസേനയ്ക്ക് കരുത്തായി ഉപഗ്രഹ ജാമറുകൾ; 449 കോടി രൂപയുടെ കരാറിൽ പ്രതിരോധ മന്ത്രാലയം ഒപ്പുവച്ചു.

**Satellite jammers boost Indian Navy's strength; Defence Ministry signs 449 crore rupee contract.**

5. ഹോർമുസ് കടലിടുക്കിലെ സംഘർഷം രൂക്ഷം ; യു.എസ്. താവളങ്ങൾക്ക് നേരെ ഇറാൻറെ വ്യോമാക്രമണം.

**Tensions escalate in the Strait of Hormuz; Iran launches airstrikes on US bases.**

6. കേരളത്തിൽ ശക്തമായ മഴയ്ക്ക് സാധ്യത; നാളെ മൂന്ന് ജില്ലകളിൽ ഓറഞ്ച് ജാഗ്രത. കേരള -കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

**Heavy rain likely in Kerala; Met Department issues orange alert for three districts tomorrow and bans fishing along Kerala, Karnataka, and Lakshadweep coasts.**

***************

## PREZ – MODI LEADERSHIP

തുടർച്ചയായി ഏറ്റവും കൂടുതൽ കാലം രാജ്യം ഭരിച്ച തിരഞ്ഞെടുക്കപ്പെട്ട പ്രധാനമന്ത്രിയെന്ന നേട്ടം കൈവരിച്ച നരേന്ദ്ര മോദിയെ രാഷ്ട്രപതി ദ്രൗപദി മുർമു അഭിനന്ദിച്ചു. ജനങ്ങൾക്ക് അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിശ്വാസത്തിന്റെ തെളിവാണ് ഈ ചരിത്രനേട്ടമെന്ന് രാഷ്ട്രപതി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ഭരണം, സമ്പദ്‌വ്യവസ്ഥ, സാമൂഹിക മാറ്റം എന്നിവയിൽ കാതലായ പുരോഗതി ഉണ്ടായതായും ക്ഷേമപദ്ധതികൾ വികസനത്തെ താഴേത്തട്ടിൽ എത്തിച്ചതായും രാഷ്ട്രപതി ചൂണ്ടിക്കാട്ടി.

പ്രധാനമന്ത്രി നരേന്ദ്ര മോദിയെ കേന്ദ്ര മന്ത്രിസഭ ഇന്ന് പ്രമേയത്തിലൂടെ അഭിനന്ദിച്ചു. ഇന്ന് ചേർന്ന കേന്ദ്ര മന്ത്രിസഭാ

യോഗത്തിൽ, മന്ത്രിസഭാംഗങ്ങൾ എഴുന്നേറ്റു നിന്ന് കൈയടിച്ചാണ് പ്രധാനമന്ത്രി മോദിക്ക് ആദരവ് പ്രകടിപ്പിച്ചത്.

***************

## INDUSTRY - MODI 12 YEARS

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ 12 വർഷത്തെ ഭരണനേട്ടങ്ങളെ പ്രമുഖ വ്യവസായ നേതാക്കൾ അഭിനന്ദിച്ചു. കഴിഞ്ഞ പന്ത്രണ്ട് വർഷം രാജ്യത്തിന്റെ സാമ്പത്തിക അടിത്തറ ശക്തമാക്കിയതായി ഫിക്കി പ്രസിഡന്റ് അനന്ത് ഗോയങ്ക പറഞ്ഞു.
ശക്തമായ ഭരണവും പരിഷ്ക്കാരങ്ങളും നിക്ഷേപകരുടെ ആത്മവിശ്വാസവും സ്വയംപര്യാപ്തതയും ഉയർത്തിയതായി സി.ഐ.ഐ ഡയറക്ടർ ജനറൽ ചന്ദ്രജിത് ബാനർജി പറഞ്ഞു.
പ്രധാനമന്ത്രിയുടെ ദീർഘവീക്ഷണമുള്ള നേതൃത്വം രാജ്യത്തിന്റെ ബിസിനസ്സ് അന്തരീക്ഷം മാറ്റിമറിച്ചതായി അസോചം സെക്രട്ടറി ജനറൽ സൗരഭ് സന്യാലും കൂട്ടിച്ചേർത്തു.

***************

## PM-NITI AAYOG

നാളെ ന്യൂഡൽഹിയിൽ നടക്കുന്ന നീതി ആയോഗിന്റെ 11-ാമത് ഭരണ സമിതി യോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അധ്യക്ഷത വഹിക്കും. 'വികസിത ഭാരതം 2047 നായി എല്ലാവരെയും ഉൾക്കൊള്ളിച്ചു കൊണ്ടുള്ള മാനവ വികസനം' എന്നതാണ് ഈ വർഷത്തെ പ്രമേയം. പ്രായം, പ്രദേശം, ലിംഗം സാമൂഹിക-സാമ്പത്തിക പശ്ചാത്തലം എന്നിവ പരിഗണിക്കാതെ ഓരോ ഇന്ത്യക്കാരന്റെയും ക്ഷേമത്തിലും വികസനത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യം വെക്കുന്നത്. ഇതിനായുള്ള വിവിധ മേഖലകൾ സംബന്ധിച്ച് കൗൺസിൽ യോഗം ചർച്ച ചെയ്യും.

***************

## CABINET BRIEFING (intro)

അഹമ്മദാബാദ് മെട്രോ വിപുലീകരിക്കുന്നതിന് 2,169 കോടി രൂപ അനുവദിക്കാൻ ഇന്ന് ചേർന്ന കേന്ദ്ര മന്ത്രിസഭായോഗം തീരുമാനിച്ചു. അഞ്ച് സ്റ്റേഷനുകളുള്ള ആറ് കിലോമീറ്റർ നീളമുള്ള മെട്രോ ഇടനാഴി ഇതിൽ ഉൾപ്പെടുന്നു. ആന്ധ്രാപ്രദേശിലെ

അമരാവതിയിൽ കേന്ദ്ര സർക്കാർ ഓഫീസ് സമുച്ചയത്തിനും കേന്ദ്ര സർക്കാർ റെസിഡൻഷ്യൽ സമുച്ചയത്തിനും മന്ത്രിസഭ അംഗീകാരം നൽകിയതായും കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

(ഹോൾഡ് വോയിസ്........)

***************

## Ujjwal Kumar Ghosh

രാജ്യത്തെ കാർഷിക കയറ്റുമതിയിൽ കഴിഞ്ഞ 12 വർഷത്തിനുള്ളിൽ റെക്കോർഡ് വർധനയെന്ന് കേന്ദ്ര വാണിജ്യ വകുപ്പ് ജോയിന്റ് സെക്രട്ടറി ഉജ്ജ്വൽ കുമാർ ഘോഷ്. ദക്ഷിണേന്ത്യൻ കാർഷിക കയറ്റുമതി മേഖലയിലെ വിവിധ പങ്കാളികളുമായി കൊച്ചിയിൽ നടന്ന സംവാദ പരിപാടിക്കു ശേഷം വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കാർഷിക കയറ്റുമതി 2014-15 സാമ്പത്തിക വർഷത്തിലെ 32.08 ബില്യൺ യു.എസ്. ഡോളറിൽ നിന്ന് 2025-26 സാമ്പത്തിക വർഷത്തിൽ 52.55 ബില്യൺ ഡോളറിലെത്തിയതായി അദ്ദേഹം പറഞ്ഞു.

***************

## DEFENCE CONTRACT

ഇന്ത്യൻ നാവികസേനയ്ക്കായി, 75 ശതമാനം തദ്ദേശീയ ഘടകങ്ങൾ ഉൾക്കൊള്ളുന്ന 20 അത്യാധുനിക ശേഷിയുള്ള ഗ്ലോബൽ നാവിഗേഷൻ സാറ്റലൈറ്റ് സിസ്റ്റം ജാമറുകൾ വാങ്ങുന്നതിന് 449 കോടി രൂപയുടെ കരാറിൽ പ്രതിരോധ മന്ത്രാലയം ഒപ്പുവച്ചു. ന്യൂഡൽഹിയിൽ പ്രതിരോധ സെക്രട്ടറി രാജേഷ് കുമാർ സിങ്ങിന്റെ സാന്നിധ്യത്തിലാണ് കരാർ ഒപ്പുവെച്ചത്. എതിരാളികളുടെ സാറ്റലൈറ് സിഗ്നലുകൾ ഉൾപ്പെടെ തടസപ്പെടുത്താൻ കഴിവുള്ള ഈ സംവിധാനം നാവികസേനയുടെ കപ്പലുകളിൽ സ്ഥാപിക്കുന്നതോടെ സേനയുടെ പ്രതിരോധ ശേഷി കൂടുതൽ ശക്തിപ്പെടുമെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു.

***************

## KSRTC

കേരളത്തിൽ കെ എസ് ആർ ടി സി ഓർഡിനറി ബസുകളിൽ ഈ മാസം 15 മുതൽ സ്ത്രീകൾക്കും ട്രാൻസ്ജെൻഡർ വ്യക്തികൾക്കും സൗജന്യ യാത്ര അനുവദിച്ചതായി മുഖ്യമന്ത്രി വി ഡി സതീശൻ. പ്രിയദർശിനി എന്ന പേരിലായിരിക്കും പദ്ധതി അറിയപ്പെടുകയെന്നും അദ്ദേഹം പറഞ്ഞു.
ഇതിലൂടെയുണ്ടാകുന്ന 800 കോടിയോളം രൂപയുടെ വാർഷിക വരുമാന നഷ്ടം കെ എസ് ആർ ടി സിക്ക് സർക്കാർ നൽകും.

***************

## RAIN -KERALA

കേരളത്തിൽ വരും ദിവസങ്ങളിലും ശക്തമായ മഴയ്ക്ക് സാധ്യത. ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകളിൽ നാളെയും ഇടുക്കി എറണാകുളം, കോട്ടയം ജില്ലകളിൽ മറ്റന്നാളും ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മോശം കാലാവസ്ഥ കണക്കിലെടുത്ത്, കേരളം - കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മറ്റന്നാൾ വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

***************

## IRAN- JORDAN ATTACK

ഹോർമുസ് കടലിടുക്കിന് ചുറ്റും അമേരിക്ക നടത്തിയ ആക്രമണങ്ങൾക്ക് തിരിച്ചടിയായി ജോർദാനിലെ യു.എസ് താവളത്തിന് നേരെയും ഗൾഫിലെ മറ്റ് 21 ഇടങ്ങൾക്ക് നേരെയും ആക്രമണം നടത്തിയതായി ഇറാൻ റെവല്യൂഷണറിഗാർഡ്. ഹോർമുസ് കടലിടുക്കിലെ ഖേഷം ദ്വീപിനും തുറമുഖ നഗരമായ സിരിക്കിനും നേരെ ആക്രമണമുണ്ടായതായി ഇറാന്റെ ഔദ്യോഗിക മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. അതേസമയം, ആക്രമണം സ്ഥിരീകരിച്ച ജോർദാൻ സായുധ സേന, അൽ-അസ്റഖിന് നേരെ ഉണ്ടായ അഞ്ച് മിസൈൽ ആക്രമണങ്ങൾ പ്രതിരോധിച്ചതായി അറിയിച്ചു.

***************

## OM BIRLA (INTRO)

സിവിൽ സർവീസ് എന്നത് കേവലം ഒരു തൊഴിൽ മാത്രമല്ല, രാജ്യത്തോടുള്ള ത്യാഗവും പ്രതിബദ്ധതയുമാണെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർല. പാർലമെൻറ് സന്ദർശിച്ച 2024 ലെ ഐ.എ.എസ് ഓഫീസ് ട്രെയിനിമാരുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. പരിശീല കാലഘട്ടം മികച്ച രീതിയിൽ ഉപയോഗിച്ചാൽ ഭാവിയിൽ അത് രാഷ്ട്ര സേവനത്തിന് വലിയ തോതിൽ ഗുണം ചെയ്യുമെന്ന് അദ്ദേഹം പറഞ്ഞു.

**(ഹോൾഡ് വോയ്സ്........)**

***************

## WORLD CUP FOOT BALL

ഫിഫ ലോകകപ്പ് ഫുട്ബോളിന് ഇനി മണിക്കൂറുകൾ മാത്രം. ചരിത്രത്തിലാദ്യമായി 48 ടീമുകൾ പങ്കെടുക്കുന്ന ടൂർണമെൻറിന് അമേരിക്ക, മെക്സിക്കോ, കാനഡ എന്നീ രാജ്യങ്ങൾ സംയുക്തമായാണ് ആതിഥേയത്വം വഹിക്കുന്നത്. ഇന്ത്യൻ സമയം നാളെ രാത്രി 10.30-നാണ് ഉദ്ഘാടന ചടങ്ങുകൾ ആരംഭിക്കുക. ആദ്യ പോരാട്ടത്തിൽ ആതിഥേയരായ മെക്സിക്കോ ദക്ഷിണാഫ്രിക്കയെ നേരിടും.

***************

## BADMINTON

ഓസ്ട്രേലിയൻ ഓപ്പൺ ബാഡ്മിന്റൺ വനിതാ സിംഗിൾസിൽ ഇന്ത്യയുടെ പി.വി സിന്ധുവും തൻവി ശർമ്മയും രണ്ടാം റൗണ്ടിൽ കടന്നു. ഒന്നാം റൗണ്ട് മത്സരത്തിൽ പെറുവിന്റെ ഇനസ് കാസ്റ്റിലോയെ നേരിട്ടുള്ള സെറ്റുകൾക്ക് പരാജയപ്പെടുത്തിയാണ് ഒളിമ്പിക് ജേതാവായ സിന്ധുവിന്റെ മുന്നേറ്റം.

***************

## JAISHANKAR-BULGARIA

ബൾഗേറിയയിലെ സോഫിയയിലുള്ള ദേശീയ ചരിത്ര മ്യൂസിയം സന്ദർശിച്ച് വിദേശകാര്യമന്ത്രി എസ് ജയശങ്കർ. ബൾഗേറിയൻ വിദേശകാര്യ മന്ത്രിയുമായി ശ്രീ ജയശങ്കർ ചർച്ച നടത്തും. നാളെ ഫിൻലാൻഡ്

സന്ദർശിക്കുന്ന കേന്ദ്രമന്ത്രി കുൽതാറൻ സംഭാഷണത്തിൻറെ 14-ാമത് പതിപ്പിൽ പങ്കെടുക്കും. ഫിൻലാൻഡ് വിദേശകാര്യമന്ത്രിയുമായും ശ്രീ ജയശങ്കർ ചർച്ച നടത്തും.

***************

## GOVT-PLI SCHEME

ടെക്സ്റ്റയിൽസ് മേഖലയ്ക്കുള്ള പ്രൊഡക്ഷൻ ലിങ്ക്ഡ് ഇൻസെന്റീവ് പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ 22 പുതിയ അപേക്ഷകർക്ക് കൂടി അംഗീകാരം നൽകി കേന്ദ്ര സർക്കാർ. മൂന്നാം ഘട്ടത്തിൽ 96 കമ്പനികളെയാണ് തിരഞ്ഞെടുത്തതെന്നും ഇതിലൂടെ 12,822 കോടിയിലധികം രൂപയുടെ നിക്ഷേപവും 58,000 കോടിയിലധികം രൂപയുടെ വിറ്റുവരവുമാണ് പ്രതീക്ഷിക്കുന്നതെന്നും മന്ത്രാലയം അറിയിച്ചു.

***************

## JITENDRA- NEP 2020

ഇന്ത്യയുടെ വിദ്യാഭ്യാസ മേഖലയിലെ ഏറ്റവും വലിയ പരിവർത്തന പരിഷ്കാരങ്ങളിൽ ഒന്നാണ് ദേശീയ വിദ്യാഭ്യാസ നയമെന്ന് കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രി ജിതേന്ദ്ര സിംഗ്. മോദി സർക്കാരിന്റെ 12 വർഷത്തെ ഭരണത്തിന്റെ ഏറ്റവും മികച്ച അടയാളങ്ങളിൽ ഒന്നാണിതെന്നും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ നടന്ന 'ദി വീക്ക് എഡ്യൂക്കേഷൻ കോൺക്ലേവ് 2026' നെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

***************

## Hardeep puri

രാജ്യത്ത് സിഎൻജി-ക്ക് ക്ഷാമമില്ലെന്ന് കേന്ദ്ര പെട്രോളിയം, പ്രകൃതി വാതക മന്ത്രി ഹർദീപ് സിംഗ് പുരി. വീടുകളിലേക്ക് പൈപ്പ് ലൈൻ വഴിയുള്ള പ്രകൃതി വാതക വിതരണം സർക്കാർ വിപുലീകരിക്കുകയാണ്. എൽപിജി കണക്ഷനുകൾ പിഎൻജി കണക്ഷനുകളാക്കി മാറ്റാനുള്ള ശ്രമങ്ങളും നടക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

***************

## META- AI DATA CENTRE

ഇന്ത്യയിൽ ആദ്യത്തെ നിർമിത ബുദ്ധി അധിഷ്ഠിത ഡാറ്റാ സെന്റർ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ച് ഫേസ്ബുക്കിന്റെ മാതൃ കമ്പനിയായ META . കരാറിന്റെ ഭാഗമായി, METAയും റിലയൻസ് ഇൻഡസ്ട്രീസും ഗുജറാത്തിലെ ജാംനഗറിൽ 168 മെഗാവാട്ട് ശേഷിയുള്ള ഡാറ്റാ സെന്റർ സ്ഥാപിക്കും. ഇന്ത്യയുടെ വലിയ ഉപയോക്തൃ അടിത്തറയും അതിവേഗം വളരുന്ന ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയും നിക്ഷേപത്തിന് അനുയോജ്യമായ സ്ഥലമാക്കി രാജ്യത്തെ മാറ്റിയതായി മെറ്റാ പ്രസ്താവനയിൽ പറഞ്ഞു.

***************

## PAK ARMY PLANE-CRASH

പാക് അധിനിവേശ കശ്മീരിലെ മുസാഫറാബാദിൽ ടേക്ക് ഓഫിനിടെ പാകിസ്ഥാൻ സേനയുടെ ഹെലികോപ്റ്റർ തകർന്നു. എംഐ- 17 ഹെലികോപ്റ്ററാണ് തകർന്നത്. ഹെലികോപ്റ്ററിലുണ്ടായിരുന്ന മുഴുവൻ പേരും കൊല്ലപ്പെട്ടതായാണ് റിപ്പോർട്ട്. അപകട കാരണം വ്യക്തമല്ല.

***************

## INT. AGENCIES- PAKISTAN

പാക് അധിനിവേശ കശ്മീരിലെ സമാധാനപരമായ പ്രതിഷേധങ്ങൾക്ക് നേരെയുള്ള പാകിസ്ഥാന്റെ അക്രമാസക്തമായ അടിച്ചമർത്തലുകളെ അന്താരാഷ്ട്ര മനുഷ്യാവകാശ സംഘടനകൾ ശക്തമായി അപലപിച്ചു. ഇന്റർനെറ്റ് വിച്ഛേദിക്കൽ, കൂട്ട അറസ്റ്റുകൾ, മാരകമായ ബലപ്രയോഗം എന്നിവയിലൂടെ പ്രദേശത്ത് ഗുരുതരമായ മനുഷ്യാവകാശ ലംഘനമാണ് നടക്കുന്നതെന്ന് സംഘടനകൾ ചൂണ്ടിക്കാട്ടി. കഴിഞ്ഞ ദിവസങ്ങളിൽ പാക് സുരക്ഷാ സേന നടത്തിയ വെടിവെപ്പിൽ ഒരു സ്ത്രീയുൾപ്പെടെ 25-ലധികം പേർ കൊല്ലപ്പെട്ടതായി ഇന്റർനാഷണൽ ഹ്യൂമൻ റൈറ്റ്സ് ഫൗണ്ടേഷൻ ആരോപിച്ചു.

***************

********

****